മിസ്റ്റർ സി. ആർ. ഇയ്യണ്ണി : സുഖക്കേട് മാറിയിട്ടാണ് ഡിസ് ചാർജ്ജ് (Discharge) ചെയ്യുന്നത്.

മിസ്റ്റർ ജോസ് കെ. വട്ടിസ്സ് : സുഖക്കേട് മാറിയിട്ടുണ്ടോ ഇല്ലയോ എന്നുള്ളതു് പരീക്ഷാർത്ഥം നോക്കുന്നതല്ലേ?

മിസ്റ്റർ സി. ആർ. ഇയ്യണ്ണി: അതെ.

VYPEEN—PALLIPURAM ROAD

4. മിസ്റ്റർ കെ. രാഘവൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ഗവ ൺമെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

വൈപ്പു്-പള്ളിപ്പുറം റോഡു പണിയുടെ പ്രാരംഭജോലികളും വല്ലതും തുടങ്ങിയിട്ടുണ്ടോ?

റാവു സാഹിബ്ബു് കെ. അയ്യപ്പൻ: വൈപ്പു-പള്ളിപ്പുറം റോഡുപണിക്കു് വേണ്ടതായ ഭൂമി അക്വയർ ചെയ്യുന്നതിനുള്ളനടപടികളും എടുത്തു തുടങ്ങിയിട്ടുണ്ടു്.

മിസ്റ്റർ കെ. എ. രാഘവൻ : സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള നടപടികളും എടുത്തിട്ടു് എത്ര കാലമായി?

റാവു സാഹിബ്ബു് കെ. അയ്യപ്പൻ : അക്വിസിഷൻ നടപടി എടുത്തിട്ടു് വളരെ നാളായിട്ടില്ല.

മിസ്റ്റർ കെ. എ. രാഘവൻ : കഴിഞ്ഞകൊല്ലവും ഇതേ ചോദ്യം ചോദിച്ചപ്പോൾ ഭൂമി അക്വയർ ചെയ്യുന്നതിനുള്ള നടപടികളും എടുത്തിട്ടുണ്ടെന്നു പറഞ്ഞതായി ഓർമ്മയുണ്ടോ?

റാവു സാഹിബ്ബു് കെ. അയ്യപ്പൻ : ഭൂമി അക്വയർ ചെയ്യുന്നതിനുള്ള പണി പൂർത്തിയായിട്ടില്ല. കഴിയുന്ന വേഗത്തിൽ പണി ആരംഭിക്കുന്നതായിരിക്കുമെന്നു ബഹുമാനപ്പെട്ട മെമ്പറുടെ അറിവിനായി പറഞ്ഞുകൊള്ളുന്നു. റോഡു പണിക്കുള്ള ടെണ്ടർതന്നെ വിളിച്ചു കഴിഞ്ഞു.

5. **Mr. M. I. Paul** *(Narakkal)*: Will Government be pleased to state.—
whether the Government realise that it would be advisable to have the Vypeen-Pallipuram Road connected with Ernakulam city by bridges over the backwaters and if so, what will be the expenditure for the bridges necessary?

Rao Sahib K. Ayyappan *(Minister for Public Works)*: Yes.
Government have ordered the immediate investigation of this scheme. The cost of the scheme can be known only after the investigation is over.

Mr. M. I. Paul *(Narakkal)*: May I know when the scheme will be ready for operation?

Rao Sahib K. Ayyappan *(Minister for Public Works)*: I cannot definitely say when it will be ready for operation.

Mr. M. I. Paul *(Narakkal)*: May I know the approximate time?
Rao Sahib K. Ayyappan *(Minister for Public Works)*: I cannot say now.

WIVES OF GOVERNMENT SERVANTS—STANDING AS CANDIDATES IN ELECTION

6. മിസ്റ്റർ പി. വി. സെബാസ്റ്റ്യൻ: താഴെ പറയുന്ന ചോദ്യത്തിനു് ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

ഉദ്യോഗസ്ഥന്മാരുടെ ഭാര്യമാർക്കു നിയമസഭാ തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളായി നിന്നുകൂടെന്നുള്ള നിരോധനം എടുത്തു കളയുവാൻ ഗവൺമെണ്ടു് വിചാരിക്കുന്നുണ്ടോ?

റാവു സാഹിബ്ബു് പി. വി. റാഫേൽ: ഇല്ല.

മിസ്റ്റർ ജോസ് കെ. വട്ടിസ്സ് : ഉദ്യോഗസ്ഥകളുടെ ഭർത്താക്കന്മാർക്കു നിയമസഭാ തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളായി നില്ക്കുവാൻ പാടില്ലെന്നു നിരോധിച്ചിട്ടുണ്ടോ?

റാവു സാഹിബ്ബു് പി. വി. റാഫേൽ : ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ജോസ് കെ. വട്ടിസ്സ് : അതിന്ന് വല്ല പ്രത്യേക കാരണമുണ്ടോ?

റാവു സാഹിബ്ബ് പി. വി. റാഫേൽ : പ്രത്യേക കാരണമുണ്ട്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ : ഈ ചോദ്യത്തിൽ പറയുന്നവരേയുംകൂടി നിയമസഭാ സ്ഥാനാർത്ഥിത്വത്തിന്ന് അനുവദിച്ചാൽ എന്തൊരാപത്താണ് വരുവാൻ പോകുന്നത്?

Rao Sahib P. V. Raphael *(Chief Secretary to Government):* That may affect the conduct of the Government servants in their capacity as Government Servants. That is the fear of the Government and that is why they have prohibited the wives of the Government servants from standing for elections.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ : അതെങ്ങിനെയാണ് ഭാര്യ തിരഞ്ഞെടുപ്പിന്ന നിന്നാൽ ഭർത്താവായ ഉദ്യോഗസ്ഥന്റെ സർവൻസ് അധഃപതിക്കുക എന്ന മനസ്സിലാകുന്നില്ല.

റാവു സാഹിബ്ബ് പി. വി. റാഫേൽ : ഇതൊന്നുമില്ലാതെതന്നെ ഗവണ്മെണ്ടുദ്യോഗസ്ഥന്മാരെപറ്റി നിയമസഭാ തിരഞ്ഞെടുപ്പിൽ വളരെ ആക്ഷേപങ്ങൾ ഉണ്ടാകുന്നുണ്ട്. പിന്നെ ഉദ്യോഗസ്ഥന്മാരുടെ ഭാര്യമാർകൂടി തിരഞ്ഞെടുപ്പിന്ന നിന്നാൽ ആക്ഷേപങ്ങൾ ഇപ്പോഴത്തേതിലും അധികമാകും.

മിസ്റ്റർ ജോസ് കെ. വട്ടിസ്സ് : എലക്ഷനു നില്ക്കുന്നവരുടെ ഭാര്യമാർ ഗവർമ്മെണ്ടുദ്യോഗസ്ഥകളാണെങ്കിൽ അവക്കും ഇൻഫ്ലുവെൻസ് ചെലുത്തുവാൻ സാധിക്കയില്ലെ?

റാവു സാഹിബ്ബ് പി. വി. റാഫേൽ : അതത്ര സാദ്ധ്യമല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ഹൂമൻ സൈക്കോളജി നോക്കീട്ടാണോ ഇതു പറയുന്നത്?

റാവു സാഹിബ്ബ് പി. വി. റാഫേൽ : അതെ.

മിസ്റ്റർ പി. കെ. ഡീവർ : സ്ത്രീകൾ ഉദ്യോഗസ്ഥന്മാരായ ഭർത്താക്കന്മാരാൽ ഭരിക്കപ്പെടുന്നവരായതുകൊണ്ടാണോ നില്ക്കുവാൻ പാടില്ലെന്ന പറയുന്നത്?

റാവു സാഹിബ്ബ് പി. വി. റാഫേൽ : ഭരിക്കപ്പെടുക, ഭരിക്കുക എന്നൊന്നും നോക്കീട്ടില്ല. ഭാര്യ തിരഞ്ഞെടുപ്പിന്ന നിന്നാൽ ഭർത്താവു ഇടപെട്ടിട്ടുണ്ടെന്നുള്ള ആക്ഷേപം വരും. അങ്ങിനെയുള്ള ആക്ഷേപങ്ങൾ വരരുതെന്നുള്ള സദുദ്ദേശത്തോടുകൂടിയാണ് ഇങ്ങിനെ നിശ്ചയിച്ചിട്ടുള്ളത്.

മിസ്സിസ്സ് ടി. ഫ്രാൻസിസ്സ് : ഈ സദുദ്ദേശം മറിച്ചാകുവാനും പാടില്ലേ? ഭർത്താവിന നില്ക്കാം, ഭാര്യക്ക നിന്നുകൂടാ എന്നുള്ള ഒരു വ്യത്യാസം വെക്കുവാൻ കാരണമെന്താണ്?

റാവു സാഹിബ്ബ് പി. വി. റാഫേൽ : ഞാൻ പറഞ്ഞുവല്ലൊ, ആണും പെണ്ണും എന്നുള്ള വ്യത്യാസം ഓർത്തിട്ടാണ്.

മിസ്സിസ്സ് ടി. ഫ്രാൻസിസ്സ് : സ്ത്രീകളുടെ കാര്യത്തിൽ ഇങ്ങിനെ ഒരു വ്യത്യസ്ഥ നിലവെച്ചിരിക്കുന്നത് കുറച്ച് അനീതിയല്ലേ?

റാവു സാഹിബ്ബ് പി. വി. റാഫേൽ : ഒട്ടും അനീതിയല്ല. അവരോട് കൂടെ പ്രീതിയായിട്ടാണ് ഇങ്ങിനെ ചെയ്തിട്ടുള്ളത്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ : ഭാര്യ ഉദ്യോഗസ്ഥയാണെങ്കിൽ ഭർത്താവിന തിരഞ്ഞെടുപ്പിന നില്ക്കാൻ വിരോധമില്ലെന്ന പറഞ്ഞു. ഒരു സ്ത്രീ ഉപയോഗിക്കുന്ന സ്വാധീനശക്തിക്കാണ് പുരുഷന്മാരുടേതിനേക്കാൾ കൂടുതൽ ശക്തി എന്ന ഗവണ്മെണ്ടു ഇതുവരെ മനസ്സിലാക്കീട്ടില്ലെ?

Rao Sahib P. V. Raphael *(Chief Secretary to Government):* Not in politics, but in other matters.

Mr. President : Order, order. I have called the next question.

PROCUREMENT AND DISTRIBUTION OF FOOD

7. Mr. K. Balakrishna Menon *(Cheruthuruthi):* Will Government be pleased to state.—

(*a*) if the Government have studied the food procurement and distribution policy of the Government of Madras;

(*b*) if the Government have any idea of following the same here;

(*c*) if so, what steps the Government have taken in furtherence of that policy?

LIBRARY ARCHIVES Kerala Legislative Assembly